**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4978** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ടെസ്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളിതുവരെ സർക്കാർ മേഖലയിൽ എത്ര കോവിഡ് ടെസ്റ്റുകൾ നടത്തിയിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; | (എ) | സർക്കാർ തലത്തിലും സ്വകാര്യതലത്തിലും ചെയ്യപ്പെടുന്ന എല്ലാ ടെസ്റ്റുകളും ഗവൺമെന്റിന്റെ ലാബ് ഡയഗ്നോസിസ് മാനേജ്മെന്റ് സിസ്റ്റം ( LDMS) പോർട്ടലിൽ ആണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നടത്തിയിട്ടുള്ള കോവിഡ് ടെസ്റ്റുകളിൽ 45% സർക്കാർ തലത്തിലും 55% പ്രൈവറ്റ് തലത്തിലുമാണ് നടന്നിട്ടുള്ളത്. സംസ്ഥാനത്ത് 08/08/2021 വരെ 2,85,14,136 (രണ്ടു കോടി എൺപത്തിയഞ്ച് ലക്ഷത്തി പതിനാലായിരത്തി നൂറ്റി മുപ്പത്തിയാറ്) ടെസ്റ്റുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി എന്ത് തുക ചെലവ് വന്നിട്ടുണ്ടെന്നും സർക്കാർ ഖജനാവിൽ നിന്നും ഇതിനായി അനുവദിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തെ സർക്കാർ മേഖലയിൽ കോവിഡ്-19 ടെസ്റ്റുകൾ നടത്തുന്നതിനാവശ്യമായ ടെസ്റ്റ് കിറ്റുകളും അതിനാവശ്യമായ കൺസ്യൂമബിൾസുകളും വാങ്ങി നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 04.08.2021 വരെ 438.28 കോടി രൂപയുടെ വിതരണ ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഇതിൽ 53.87 കോടി രൂപ ദേശീയാരോഗ്യ ദൗത്യത്തിലെ ഫണ്ടും 384.41 കോടി രൂപ സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്. |

സെക്ഷൻ ഓഫീസർ